# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 365 28.01.2019-ൽ മറുപടിക്ക്

## <u>കോഴിക്കോട് ജില്ലയിലെ മ്യൂസിയങ്ങൾ</u>

**<u>ചോദ്യം</u>**

ശ്രീ.കെ.ദാസൻ

**<u>ഉത്തരം</u>**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ മ്യൂസിയം, പുരാവസ്തു വകുപ്പിന്റെ കീഴിൽ എത്ര മ്യൂസിയങ്ങൾ നിലവിലുണ്ട്; | (എ) | കോഴിക്കോട് ജില്ലയിൽ മ്യൂസിയം വകുപ്പിന്റെ കീഴിൽ ഒരു മ്യൂസിയവും (ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം), പുരാവസ്തു വകുപ്പിന്റെ കീഴിൽ 2 മ്യൂസിയങ്ങൾ (പഴശ്ശിരാജാ മ്യൂസിയം, കുഞ്ഞാലിമരയ്ക്കാർ സ്മാരക മ്യൂസിയം), എന്നിങ്ങനെ 3 മ്യൂസിയങ്ങൾ നിലവിലുണ്ട്. |
| (ബി) | ഈ സർക്കാർ ഇതിൽ എത്രയെണ്ണത്തിന്റെ നവീകരണത്തിനും വിപുലീകരണത്തിനുമായി ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ഈ സർക്കാർ രണ്ടു മ്യൂസിയങ്ങളുടെ നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ പഴശ്ശിരാജാ മ്യൂസിയത്തിന്റെ വികസനത്തിനായി 32 ലക്ഷം രൂപ അനുവദിക്കുകയും ഇതിൽ 31.64 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ വികസനത്തിനായി 59,41,287/- രൂപ അനുവദിച്ചിട്ടുള്ളതും ഇതിൽ 30,84,148/- രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. . |
| (സി) | ജില്ലയിൽ മ്യൂസിയം പുരാവസ്തു വകുപ്പുകൾ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | കോഴിക്കോട് കുഞ്ഞാലിമരയ്ക്കാർ സ്മാരക മ്യൂസിയത്തോട് ചേർന്ന് നേവൽ മ്യൂസിയം സ്ഥാപിക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ**